എൽ. ഇസഡ്ഡ് കഴിഞ്ഞാൽ തീർന്നു. എറണാകുളം ജില്ലയ്ക്കായിരുന്നു കെ. എൽ. 7 നൽകിയത്. എറണാകുളം ജില്ലയിൽ കെ. എൽ 71 എന്ന ഒരൊറ്റ ഫാൻസി നമ്പർ മാത്രമേ ഉണ്ടാകുന്നുള്ളൂ. യഥാർത്ഥത്തിൽ ഇവിടെ ആറ് സബ് ഓഫീസുകളുണ്ട്. അപ്പോൾ 6+1=7. അങ്ങനെ വരുമ്പോൾ എല്ലാറ്റിനും ഓരോ സെപ്പറേറ്റ് നമ്പർ കൊടുക്കാൻ കഴിയുകയാണെങ്കിൽ ഏഴ് ഫാൻസി നമ്പർ. ആയിരം വരുമ്പോൾ ഒരു ഫാൻസി നമ്പർ ആണെങ്കിൽ കെ. എൽ. 71 പോലെ അവർക്ക് കൊടുക്കുകയാണെങ്കിൽ, 7,000 രൂപ കൂടി കിട്ടും. ലേലം ചെയ്താൽ അതിൽ കൂടുതൽ തുകയും കിട്ടുന്നുണ്ട്. എറണാകുളം ജില്ലയെക്കുറിച്ച് പറയാൻ കാരണം ഏറ്റവും കൂടുതൽ വണ്ടി രജിസ്റ്റർ ചെയ്യുന്നത് എറണാകുളം ജില്ലയിലാണ്. എറണാകുളം ജില്ലയിൽ A to Z വരെ 26. 26-ൽ 'I' യും 'O'യും ഒഴിവാക്കി. 24 എണ്ണത്തിൽ 9999 എന്ന നമ്പരിൽ വാഹനം രജിസ്റ്റർ ചെയ്യുകയാണ്. ഇവിടെ രജിസ്റ്റർ ചെയ്താൽ ഒരു സബ് ഓഫീസിൽ 24 x 9999. അതിന്റെ അർത്ഥം 2,39,976. കൂടാതെ ഒരു 9999 കൂടി കൂട്ടിയാൽ 2,49,975 വാഹനം പ്രതീക്ഷിക്കാം. അങ്ങനെ വരുമ്പോൾ ഈ സബ് ഓഫീസുകൾക്ക് മുഴുവൻ ഇതുപോലെ ഓരോ നമ്പർ കൊടുക്കുകയാണെങ്കിൽ വലിയൊരു വരുമാനം ഇതനുസരിച്ച് സർക്കാരിന് ഉണ്ടാവുകയും ചെയ്യും. എറണാകുളത്തെ നമ്പർ തീരുകയുമില്ല. തമിഴ്നാട്ടിലും കർണ്ണാടകത്തിലും ഇതേ രീതിയിൽ കൊടത്തു കഴിഞ്ഞു. സെൻട്രൽ ആക്ട് ഇതിന് വിരുദ്ധമല്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു) : സർ, ഇന്ന് കേന്ദ്രഗവൺമെന്റിന്റെ തീരുമാനത്തിന് വിധേയമായിട്ടാണ് നടപ്പിലാക്കി വരുന്നത്. ഇതിന് വല്ല മാറ്റവും വരണമെങ്കിൽ കേന്ദ്ര ഗവൺമെന്റിനോട് ആരായണം. ബഹുമാനപ്പെട്ട അംഗത്തിന്റെ അഭ്യർത്ഥന മാനിച്ച് അത് ആരായാൻ ശ്രമിക്കുന്നതാണ്.

(20) വടക്കാഞ്ചേരി കെ. എസ്. ആർ. ടി. സി. ഓപ്പറേറ്റിംഗ് സെന്റർ സബ് ഡിപ്പോ ആക്കണമെന്ന ആവശ്യം

ശ്രീ. സി. കെ. രാജേന്ദ്രൻ : 1985-ൽ എന്റെ മണ്ഡലത്തിൽ, വടക്കാഞ്ചേരിയിൽ പ്രവർത്തനം ആരംഭിച്ച കെ.എസ്. ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ സബ് ഡിപ്പോയായി ഉയർത്തണമെന്നാണ് എന്റെ ആവശ്യം. 1985-ൽ ഈ സെന്റർ ആരംഭിക്കുമ്പോൾ സബ് ഡിപ്പോയായി ഉയർത്തുന്നതിനാവശ്യമായ സ്ഥലം വേണമെന്ന നിർദ്ദേശമുണ്ടായിരുന്നു. അതിന്റെ ഭാഗമായി 5 ഏക്കർ സ്ഥലമെടുത്ത് നൽകുകയുണ്ടായി ആ പ്രദേശത്തുകാരായ ഇപ്പോൾ മന്ത്രിയായിട്ടുള്ള റവന്യൂ മന്ത്രി, ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി മുൻ എം. എൽ. എ., സി. ടി. കൃഷ്ണൻ എന്നിവരുടെയൊക്കെ ശ്രമഫലമായിട്ടാണ് ഈ സ്ഥലമെടുപ്പും സബ് സെന്ററും അവിടെ അനുവദിക്കപ്പെട്ടത്. ഇത് സബ്ഡിപ്പോയായി ഉയർത്താത്തതുകൊണ്ട് അവിടെ നിന്നും പാലക്കാട് അല്ലെങ്കിൽ തൃശൂർ പോയി ഡീസൽ നിറയ്ക്കേണ്ടിവരുന്നു. അതുപോലെ സ്പെയർ പാർട്ട്സ് കിട്ടില്ല. റിപ്പയറിനും മറ്റും പാലക്കാട് പോകേണ്ടിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അനാവശ്യമായി 100 കിലോമീറ്റർ വണ്ടി ഓടി നഷ്ടം വരികയാണ്. അതുകൊണ്ട് ഇതൊരു സബ്ഡിപ്പോയായി ഉയർത്തിയാൽ വലിയ ലാഭകരമായി പ്രവർത്തിപ്പിക്കാൻ കഴിയുന്ന ഒരു സെന്റർ ആക്കി മാറ്റാൻ സാധിക്കും. 15 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുമ്പോൾ 75,000 രൂപ വരുമാനമുണ്ടാകും. ലാഭകരമായി പ്രവർത്തിക്കുന്നതാണ് ഈ സെന്റർ. തികഞ്ഞ അവഗണനയാണെന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷേ അനാവശ്യമായി 5 ഏക്കർ സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് നൽകിയതിന്റെ പണം പഞ്ചായത്ത് ചെലവാക്കിയതിനെ സംബന്ധിച്ച് ജനങ്ങളുടെ ഇടയിൽ ആക്ഷേപം നിലനില്ക്കുന്നു. അതുകൊണ്ട് അടിയന്തിരമായി ഈ ഓപ്പറേറ്റിംഗ് സെന്റർ സബ്ഡിപ്പോയായി ഉയർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു) : സർ, തൃശ്ശൂർ, പാലക്കാട് റൂട്ടിലെ പ്രധാനപ്പെട്ട ഒരു പ്രദേശമാണ് വടക്കാഞ്ചേരി. അവിടെ ഇന്ന് നിലവിലുള്ള കെ. എസ്. ആർ. ടി. സി. ഓപ്പറേറ്റിംഗ് സെന്റർ എങ്ങനെ കുറെക്കൂടി നല്ല നിലയിൽ പ്രവർത്തിപ്പിക്കുവാൻ സാധിക്കും. അതിന് എന്തൊക്കെ ചെയ്യണമെന്നുള്ള പ്രശ്നത്തെ സംബന്ധിച്ച് അടിയന്തിരമായി എം.എൽ.എ. അടക്കം മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെയും വിളിച്ച് ചേർത്ത് ആലോചിച്ച് ഫലപ്രദമായ നടപടികൾ ഉടനെ തന്നെ സ്വീകരിക്കുന്നതാണ്.

(21) പാറശ്ശാല മണ്ഡലത്തിലെ പ്രൈമറി ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എൻ. സുന്ദരൻ നാടാർ : സർ, പാറശ്ശാല നിയോജകമണ്ഡലത്തിലെ കുളത്തൂർ, ചെങ്കൽ, കൊല്ലയിൽ പരണിയം എന്നീ പ്രൈമറി ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനത്തിന് ആവശ്യമായ കെട്ടിടങ്ങളുടെ പണി പൂർത്തിയായിട്ട് വർഷങ്ങൾ ഏറെയായി. ഇതുവരെ പ്രവർത്തനം ആരംഭിക്കുന്നതിന് ആവശ്യമായ സ്റ്റാഫിനെയോ ഫർണിച്ചറോ നൽകുവാൻ ഗവൺമെന്റ് തയ്യാറായില്ല. ഇപ്പോൾ ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ മുൻഗാമി പോലും അത് ചെയ്തു തന്നില്ല. അങ്ങയിൽ അങ്ങൾക്ക് വലിയ പ്രതീക്ഷയുണ്ട്. ഈ പ്രൈമറി ഹെൽത്ത് സെന്ററുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സ്റ്റാഫും ഫർണിച്ചറും നൽകി ഉടൻ തന്നെ പ്രവർത്തനം ആരംഭിക്കാനുള്ള നടപടിയെടുക്കണമെന്ന് വിനയപൂർവ്വം അങ്ങയോട് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) : സർ, ചെങ്കൽ-കൊല്ലയിൽ പരണിയം എന്നീ പ്രൈമറി ഹെൽത്ത് സെന്ററുകളിൽ 15 വീതം കിടക്കകളുണ്ട്. അവിടെ സ്റ്റാഫിനെ നിയമിച്ചിട്ടില്ല. ഫർണിച്ചർ നല്കുന്നത് പഞ്ചായത്താണ്. പ്രൈമറി ഹെൽത്ത് സെന്ററുകളിലേയ്ക്ക് എല്ലാം സ്റ്റാഫിനെ നിയമിക്കുന്നതിനുവേണ്ടിയുള്ള സത്വരശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. പണത്തിന്റെ ലഭ്യതയനുസരിച്ച് സംസ്ഥാനത്തെ എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും സ്റ്റാഫിനെ നിയമിക്കുന്നതിന് ശ്രമം നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly